(സി) പ്രസ്തുത തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി ; വ്യക്തമാക്കുമോ ;

(ഡി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടില്ലെങ്കിൽ റിപ്പോർട്ടു ചെയ്യുന്നതിനും റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6 ഒഴിവുകൾ നിലവിലുണ്ട്.

1	ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കാർത്തികപുരം	2 ഒഴിവ്
2	ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പ്രാപ്പായിൽ	2 ഒഴിവ്
3	ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കോഴിച്ചാൽ	2 ഒഴിവ്

(ബി) നിലവിലുള്ള 6 ഒഴിവുകളിൽ 3 എണ്ണം ട്രാൻസ്ഫർ മുഖേന നികത്തുന്നതിനും 2 എണ്ണം പ്രൊമോഷൻ വഴി നികത്തുന്നതിനും 1 അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് മാറ്റിവച്ചിട്ടുള്ളതും ആണ്. ട്രാൻസ്ഫർ മുഖേന നികത്തുന്നതിനുള്ള 3 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ആകെ 32 പേർക്ക് നിയമനം നൽകി.

(ഡി) പി.എസ്.സി മുഖേന നികത്തുന്നതിനുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊടുവള്ളി എ.ഇ.ഒ ഓഫീസിൽ സൂപ്രണ്ടിന്റെ തസ്തിക

108 (7076) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി എ.ഇ.ഒ. ഓഫീസിൽ സൂപ്രണ്ടിന്റെ തസ്തിക ഇല്ലാത്തതുകൊണ്ട് ഓഫീസ് പ്രവർത്തനത്തിലുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(സി) തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly